(ഇ) ഇപ്രകാരം നൽകിയ പുസ്തകങ്ങളിൽ ഭൂരിപക്ഷവും 60% കമ്മീഷൻ പ്രഖ്യാപിച്ച ചെലവാകാത്ത പുസ്തകങ്ങളായിരുന്നുവോ ; വിശദവിവരം വെളിപ്പെടുത്താമോ ;

(എഫ്) സാധാരണ എൻ. ബി. എസ്. പുസ്തകങ്ങൾ വാങ്ങുന്നവർക്ക് എൻ. ബി. എസ്. എത്രയാണ് കമ്മീഷൻ നൽകാറുള്ളത്; വായനശാലകൾക്ക് പ്രത്യേക പരിഗണന ഉണ്ടോ ; ഇപ്രകാരം പുസ്തകം അനുവദിച്ചിട്ടും വാങ്ങാത്ത വായനശാലകൾ ഉണ്ടോ ; ഏതെല്ലാം ; കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒരു കോടി രൂപയുടെ

(ബി) ഗ്രന്ഥശാലാസംഘം നിർദ്ദേശിച്ച വായനശാലകൾക്ക് എൻ. ബി. എസ്. നേരിട്ട് പുസ്തകം നൽകുകയാണ് ചെയ്തത്. 1994-95 വർഷം ഗ്രാന്റ് ലഭിച്ച എല്ലാ ഗ്രന്ഥശാലകൾക്കും പുസ്തകം നൽകാനാണ് നിർദ്ദേശം നൽകിയിരുന്നത്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഴി ഒരു കോടി രൂപ സർക്കാർ നൽകി.

(ഇ) എൻ. ബി. എസിനു നേരിട്ട പ്രതിസന്ധിയിൽ നിന്നും ആ സ്ഥാപനത്തെ രക്ഷിക്കാനുള്ള ഒരു പ്രത്യേക സഹായം എന്ന നിലയ്ക്ക് ആവിഷ്കരിച്ചതാണ് പ്രസ്തുത പദ്ധതി. ഇതനുസരിച്ച് വായിക്കാൻ കൊള്ളാവുന്ന പുസ്തകങ്ങളാണ് നൽകിയത്.

(എഫ്) കമ്മീഷൻ എല്ലായ്പ്പോഴും എല്ലാ പുസ്തകങ്ങൾക്കും ഒരു പോലെയല്ല പ്രസാധകർ നൽകാറുള്ളത്. ലൈബ്രറികൾക്ക് പ്രത്യേക പരിഗണന ഉണ്ട്. മറ്റുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കശുവണ്ടിക്ക് കുത്തകസംഭരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എഴുകോൺ നാരായണൻ : സർ, കശുവണ്ടിക്ക് കുത്തക സംഭരണം ഏർപ്പെടുത്താത്തതുമൂലം കശുവണ്ടി വ്യവസായ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധിയിലേക്കാണ് ഞാൻ ഈ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും വലിയ പരമ്പരാഗത കുത്തക വ്യവസായവും ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഒരു വലിയ വ്യവസായവുമാണ് കശുവണ്ടി വ്യവസായം. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. കശുവണ്ടിയുടെ കുത്തകസംഭരണം ഏർപ്പെടുത്തുക എന്നത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ

9.30A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനമായിരുന്നു. സർക്കാർ മറ്റെല്ലാ രംഗത്തും ചെയ്യുന്നതുപോലെ കശുവണ്ടി തൊഴിലാളികൾക്കും നൽകിയ വാഗ്ദാനത്തിൽ നിന്നും പുറകോട്ടു പോയിരിക്കുകയാണ്. ഈ നിയമസഭയിൽതന്നെ കുത്തകസംഭരണം ബിൽ അവതരിപ്പിക്കുന്നതു സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി പലപ്രാവശ്യം ഉറപ്പുനൽകിയതാണ്. ഏറ്റവും അവസാനമായി കഴിഞ്ഞ സമ്മേളന കാലത്ത് കുത്തക സംഭരണ ബിൽ അവതരിപ്പിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചതുമാണ്. അത് പ്രാവർത്തികമായിട്ടില്ല. കുത്തക സംഭരണബിൽ ഇപ്പോൾ എന്തായി എന്നറിയാൻ ആഗ്രഹമുണ്ട്. കശുവണ്ടി വ്യവസായത്തിൽ രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അതിൽ 90 ശതമാനവും സ്ത്രീ തൊഴിലാളികളാണ്. കേരളത്തിലുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി ഗുണമേൻമയിലും പ്രോസസിംഗിലും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയേക്കാൾ മെച്ചമായതാണ്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും എപ്പോഴൊക്കെ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ടോ അപ്പോഴൊക്കെ അഴിമതി ആരോപണവും ഉയർന്നുവന്നിട്ടുണ്ട്. കശുവണ്ടിക്ക് കുത്തകസംഭരണം ഏർപ്പെടുത്താത്തതുമൂലം വിദേശ തോട്ടണ്ടി ഇറക്കുമതി നടത്തി അഴിമതിക്ക് അവസരം കൊടുക്കുകയാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മാത്രം കുത്തകയായിരുന്ന കശുവണ്ടി വ്യവസായം ഇപ്പോൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടിയിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോവുകയാണ്. കാപ്പെക്സിന്റെ ചുമതലയിലുള്ള കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിലുള്ള മിക്ക കശുവണ്ടി ഫാക്ടറികളും ഇപ്പോഴും പൂട്ടികിടക്കുകയാണ്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഏജൻസി സംഭരിക്കുന്ന തോട്ടണ്ടി തൊഴിലാളികളുടെ എണ്ണമനുസരിച്ച് ലൈസൻസുള്ള ഫാക്ടറികൾക്ക് ആനുപാതികമായി വീതിച്ചു നൽകുവാൻ കുത്തക സംഭരണം അനിവാര്യമാണ്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കൂടി വരുത്തിവയ്ക്കുന്ന നഷ്ടം ഇപ്പോൾ 200 കോടിയിലധികമാണ്. ഗുണമേന്മയില്ലാത്ത തോട്ടണ്ടി വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുമ്പോൾ രണ്ടുതരത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നഷ്ടം സംഭവിക്കുന്നത്. ഒന്ന്, തോട്ടണ്ടി ഇറക്കുമതി ഇടപാടിലെ അഴിമതിയും മറ്റൊന്ന്, ഗുണനിലവാരമുള്ള പരിപ്പ് ഉൽപ്പാദിപ്പിക്കാൻ കഴിയാത്തതുമാണ്. കശുവണ്ടി മേഖലയെ ബാധിച്ചിട്ടുള്ള ഈ പ്രതിസന്ധി പരിഹരിക്കാൻ ഉതകുംവിധം കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി സുശീലാ ഗോപാലൻ : സർ, 1996-നു ശേഷം നമ്മുടെ രാജ്യത്ത് കുത്തകസംഭരണം ഏർപ്പെടുത്തിയിട്ടില്ല. കശുവണ്ടിക്ക് കുത്തകസംഭരണം ഏർപ്പെടുത്തിയാൽ മാത്രമേ കൂടുതൽ തൊഴിൽദിനങ്ങൾ നൽകാൻ കഴിയൂ എന്ന് അനുഭവത്തിൽ നിന്നും പറയാനും ആവില്ല. എന്നുമാത്രമല്ല, നമ്മുടെ കേരളത്തിൽ ആകെയുള്ള കശുവണ്ടിയുടെ ലഭ്യതയെന്നു പറഞ്ഞാൽ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 85,000 ടൺ ആണ്. കൃഷിക്കാരെ ബുദ്ധിമുട്ടിച്ച് നിർബന്ധം ചെലുത്തി സംഭരിച്ചാലും അതിന്റെ പകുതിപോലും സംഭരിക്കാൻ കഴിയില്ല. ഇതു സംബന്ധമായി രണ്ടുമൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസുകൾ ഞാൻ കൃഷിക്കാരുടെ പ്രതിനിധികളുമായി നടത്തി. അവരെല്ലാം അതിശക്തിയായി ഇതിനെ എതിർക്കുന്ന നിലപാടുകളാണ് എടുത്തിട്ടുള്ളത്. അവരെ നിർബന്ധിച്ച് വലിയ സന്നാഹങ്ങളും നടത്തി നമ്മൾ അങ്ങനെയൊരു പരിശ്രമം നടത്തുന്നത് തീർച്ചയായും ഗുണകരമല്ലെന്ന് കണ്ടതു കൊണ്ടാണ് കുത്തക സംഭരണം ഏർപ്പെടുത്തുന്നതിന് നടപടി എടുക്കാത്തത്. ഇന്നു നടത്തിയ പരിശ്രമങ്ങളുടെ ഫലമായി കശുവണ്ടി ഇറക്കുമതി ചെയ്ത് 1999 -ൽ കാഷ്യൂ കോർപ്പറേഷൻ 150 ദിവസവും കാപ്പെക്സ് 130 ദിവസവും 2000-ത്തിൽ കാഷ്യൂ കോർപ്പറേഷൻ 200 മുതൽ 230 വരെ ദിവസംവരെയും ജോലി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. പ്രൈവറ്റ് ഫാക്ടറികളിലും സാമാന്യം മോശമല്ലാത്ത രീതിയിലുള്ള പണി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇന്നിപ്പോൾ പരമാവധി ഇറക്കുമതി ചെയ്യാൻ കഴിയുന്നതിനുള്ള നടപടിയെടുക്കുകയും അവിടെത്തന്നെ നമ്മുടെ ഡിപ്പോകൾ സ്ഥാപിച്ച് സംഭരിക്കുന്നതിനുള്ള നടപടികളും കാഷ്യൂകോർപ്പറേഷൻ എടുത്തിട്ടുണ്ട്. അവയിലബിളായിട്ടുള്ളത് എത്ര കൂടുതൽ എടുക്കാൻ കഴിയുമോ അതെടുക്കുന്നതിന് പ്രധാന കേന്ദ്രങ്ങളിലെല്ലാം ഡിപ്പോകൾ സ്ഥാപിച്ച് എടുക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. കുത്തക സംഭരണം കൂടാതെ തന്നെ പരമാവധി തൊഴിൽ ദിനങ്ങൾ കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം.

ശ്രീ. എഴുകോൺ നാരായണൻ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ കുത്തക സംഭരണ ബിൽ അവതരിപ്പിക്കുമെന്ന് അങ്ങ് പറഞ്ഞതാണ്. അതെന്തായി ?

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. കൃഷിക്കാരുമായി സംസാരിച്ച് അവരുടെ എതിർപ്പില്ലാതെ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാമെന്നാണ് ഞാൻ അന്ന് വ്യക്തമാക്കിയത്. പക്ഷേ കൃഷിക്കാരിൽ നിന്നും വലിയ എതിർപ്പാണ് വന്നുകൊണ്ടിരിക്കുന്നത്. കുത്തക സംഭരണം ഏർപ്പെടുത്താൻ കഴിയില്ലെന്ന് ഈ സഭയിൽ തന്നെ വളരെ വ്യക്തമായി ഞാൻ ഇതിനുമുമ്പും പ്രഖ്യാപിച്ചിട്ടുള്ളതാണ്.

(2) കുമരകം പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ : സർ, 2000 ഡിസംബർ 30 - ന് പ്രധാനമന്ത്രി ശ്രീ. വാജ്പേയി കുമരകത്തുവന്ന് പ്രഖ്യാപിച്ച കേരളത്തിനുവേണ്ടിയുള്ള കുമരകം പാക്കേജ് പദ്ധതി നടപ്പിലാക്കുവാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചു കാണാത്തതിൽ കേരള ജനതയ്ക്ക് ദുഃഖവും അമർഷവും പ്രതിഷേധവുമുണ്ട്. ഇത് പ്രകടിപ്പിക്കാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. 'ശ്രീ. വാജ്പേയിക്ക് ദുഃഖപൂർവം' മുഖപ്രസംഗം സമർപ്പിക്കുകയും കുമരകം പാക്കേജിനെത്തുടർന്ന് ജനുവരി രണ്ടിന് 'ശ്രീ. വാജ്പേയിക്ക് നന്ദിപൂർവം' പ്രോത്സാഹനം നൽകുകയും ചെയ്ത കേരളത്തിലെ പ്രമുഖ ദിനപ്പത്രമായ മലയാള മനോരമ ജനുവരി 22 -ന്റെ മുഖപ്രസംഗത്തിലൂടെ "വിലയിടിവിൽ നട്ടം തിരിയുന്ന കർഷകന് വാഗ്ദാനങ്ങളിൽ കണ്ണുംനട്ട് കാത്തിരിക്കാനാവില്ലെന്ന്" ചൂണ്ടിക്കാട്ടിക്കൊണ്ട് "പാക്കേജ് നടപ്പിലാക്കാൻ കേരളം ഉണരട്ടെയെന്ന്" ആഹ്വാനം ചെയ്തിരിക്കുകയാണ്. മറ്റു

LIBRARY ARCHIVES Kerala Legislative Assembly